# അഗതികൾക്ക് 'ഒപ്പം' എറണാകുളം

അഗതികൾക്കും ആലംബഹീനർക്കും തുണയായി കേരളത്തെ അഗതിരഹിതമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് അഗതിരഹിത കേരളം. സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിക്കുകയും അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്ക്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 2003 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് ആശ്രയ. 2007ൽ പദ്ധതിയുടെ പുനഃപരിശോധന നടത്തുകയും 2009ൽ തുടർ സേവന പദ്ധതി രൂപീകരിക്കുയും ചെയ്തു. വീണ്ടും ഗുണഭോക്താക്കളെ ഉൾക്കൊള്ളിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കി 2013ൽ ആശ്രയ രണ്ടാം ഘട്ടത്തിനും കേരള സർക്കാർ അംഗീകാരം നൽകി.

2017-18 ബജറ്റിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. കുടുംബങ്ങളെ ലക്ഷ്യമാക്കി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു എന്നതാണ് മറ്റേതൊരു പദ്ധതിയിൽ നിന്നും അഗതിരഹിത കേരളം പദ്ധതിയെ വിഭിന്നമാക്കുന്നത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും നിലവിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്തൃ കുടുംബങ്ങളിൽ തുടർന്നും സേവനം ആവശ്യമുള്ള ഏവരേയും കണ്ടെത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് അഗതിരഹിത കേരളം.

## പ്രവർത്തനരീതി

അഗതിരഹിത കേരളം പദ്ധതിക്ക് മുന്നോടിയായി അഗതികളെ കണ്ടെത്തുന്നതിനായി 2017 മുതൽ കുടുംബശ്രീ മുഖേന സർവ്വേ നടത്തി. പ്രത്യേകമായി തയാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചായിരുന്നു ഈ സർവ്വേ. ഓരോ അഗതി കുടുംബത്തിന്റെയും ഫോട്ടോ എടുക്കുകയും താമസിക്കുന്ന സ്ഥലം ജിയോടാഗ് ചെയ്യുകയും ചെയ്തു. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഒമ്പത് ക്ലേശഘടകങ്ങളിൽ കുറഞ്ഞത് ഏഴും അധിക ക്ലേശഘടകങ്ങളിൽ കുറഞ്ഞത് ഒന്നും ബാധകമാകുന്ന കുടുംബത്തെ

യാണ് അഗതിത്വ പരിധിയിൽ കണക്കിലെടുക്കുക. ഗുണഭോക്തൃ നിർണ്ണയത്തിനുള്ള ക്ലേശഘടകങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം സർവ്വേവഴി അന്തിമ പട്ടിക തയാറാക്കുക. ഇപ്രകാരം അഗതികളെന്ന് കണ്ടെത്തുന്ന വർക്ക് ഭക്ഷണം, ആരോഗ്യപരിപാലനം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ സഹായ ങ്ങൾ നൽകി കൊണ്ട് ആവശ്യമായ ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്താൻ സഹായി ക്കുകയുമാണ് അഗതിരഹിത കേരളം പദ്ധതി വഴി ചെയ്യുന്നത്.

**കുടുംബത്തിന് ബാധകമായ ക്ലേശഘടകങ്ങൾ**

| ക്രമ നമ്പർ | ഗ്രാമപ്രദേശങ്ങൾ | നഗരപ്രദേശങ്ങൾ |
|---|---|---|
| 1 | ഭൂരഹിതർ / 10 സെന്റിൽ താഴെ ഭൂമിയുള്ളവർ | ഭൂരഹിതർ / 5 സെന്റിൽ താഴെ ഭൂമിയുള്ളവർ |
| 2 | ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ | ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ |
| 3 | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല |
| 4 | ശുചിത്വ കക്കൂസ് ഇല്ല | ശുചിത്വ കക്കൂസ് ഇല്ല |
| 5 | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) |
| 6 | വനിത കുടുംബനാഥയായുള്ള കുടുംബം | വനിത കുടുംബനാഥയായുള്ള കുടുംബം |
| 7 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം | പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം |
| 9 | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം |

## കുടുംബത്തിന് ബാധകമായ അധിക ക്ലേശഘടകങ്ങൾ

**1. ഗ്രാമപ്രദേശങ്ങൾ**

1. ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ)

2. രാത്രികാലം, പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

3. അവിവാഹിതരായ അമ്മ-അമ്മയും കുഞ്ഞും മാത്രം- ഭർത്താവ് ഉപേക്ഷിച്ചതും ദുരിതമനുഭവിക്കുന്നവരുമായ വനിതകൾ

4. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

5. തീരാവ്യാധികൾ- ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരും

6. കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം

7. ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ

8. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

**നഗരപ്രദേശങ്ങൾ**

1. രാത്രികാലം,. പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

2. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

3. ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ

4. ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം.

5. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

6. തെരുവുകുട്ടികൾ, ദുർഗുണ പരിഹാര പാഠശാല, അഗതി മന്ദിരം എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികളുള്ള കുടുംബം

7. കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം

8. ലൈംഗിക തൊഴിലാളികളുള്ള കുടുംബം

9. അബല മന്ദിരത്തിൽ താമസിക്കുന്ന വനിതകൾ അംഗമായ കുടുംബം
10. ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം.

ഇങ്ങനെ ഒൻപത് ക്ലേശഘടകങ്ങളിൽ ഏഴും പിന്നീട് കുടുംബത്തിന് ബാധകമായ മറ്റ് അധിക ക്ലേശഘടകങ്ങളിൽ ഒരെണ്ണമെങ്കിലുമുള്ള കുടുംബത്തെ അഗതി കുടുംബമായി കണ്ടെത്തുകയായിരുന്നു ആദ്യഘട്ടം. ഇങ്ങനെ തയാറാക്കിയ അഗതികളുടെ പട്ടികയ്ക്ക് ഗ്രാമസഭയുടെയും പഞ്ചായത്തിന്റെയും അംഗീകാരം നേടിയെടുക്കുന്നു. കുടുംബങ്ങളുടെ ആവശ്യകത മനസ്സിലാക്കി ഓരോ കുടുംബത്തിന്റെയും വിശദമായ പ്രോജക്ട് തയാറാക്കുന്നു. തദ്ദേശ സ്ഥാപനതലത്തിൽ പ്രോജക്ട് തയാറാക്കിയ ശേഷം ഇത് ക്രോഡീകരിച്ച് തദ്ദേശ സ്ഥാപനവും കുടുംബശ്രീയും ചേർന്ന് ധനസഹായത്തിനുള്ള റിപ്പോർട്ട് തയാറാക്കുന്നു.

അഗതിരഹിത കേരളം പദ്ധതിക്കായി ആകെ ചെലവാകുന്ന തുകയുടെ 40 ശതമാനം അഥവാ 40 ലക്ഷം (പൊതുവിഭാഗം- എസ്ടി വിഭാഗത്തിന് 50 ലക്ഷം) ഇതിൽ ഏതാണോ കുറവ് അത്രയും തുക കേരള സർക്കാർ കുടുംബശ്രീ വഴി ഓരോ പഞ്ചായത്തിനും ചലഞ്ച് ഫണ്ടായി നൽകും. ഭക്ഷണം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം തുടങ്ങിയ അതിജീവന - വികസന ആവശ്യങ്ങൾക്കായിരിക്കും ഈ തുക ചെലവഴിക്കുക. ശേഷിച്ച 60 ശതമാനം തുക ത്രിതല പഞ്ചായത്തിന്റെ വിവിധ പദ്ധതി വിഹിതത്തിൽ നിന്ന് കണ്ടെത്തും. പാർപ്പിടം ഒരുക്കി നൽകൽ പോലുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഈ തുക ചെലവഴിക്കുന്നു.

## എറണാകുളത്തെ ഒപ്പം

ത്രിതല പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് പാർപ്പിടം ഒരുക്കി നൽകൽ, വൈദ്യുതി ലഭ്യമാക്കൽ, വീടുകളുടെ നവീകരണം, ടോയ്‌ലറ്റ് നിർമ്മിച്ച് നൽകൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത്. ജില്ലയിൽ 17215 പേരാണ് അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളായുള്ളത്.

## ആശയത്തിലേക്കെത്തിയ വഴി

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് അഗതി കുടുംബങ്ങളുടെ പല ആവശ്യങ്ങളും നടപ്പിലാക്കാൻ കാലതാമസവം നേരിടുന്നുവെന്ന യാഥാർത്ഥ്യമാണ്

എന്തുകൊണ്ട് കുടുംബശ്രീ സംഘടനാ സംവിധാനം മുഖേന കുറച്ച് പേർക്കെങ്കിലും ഇത്തരത്തിലുള്ള സഹായം ചെയ്ത് നൽകിക്കൂടാ എന്ന ചിന്തയിലേക്ക് എറണാകുളം ജില്ലാമിഷനെ എത്തിച്ചത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് കണ്ടെത്താൻ നേരിടുന്ന കാലതാമസമായിരുന്നു പ്രധാന കാരണം. മാത്രവുമല്ല അഗതിരഹതി കേരളം പദ്ധതി കൂടുതലായും സമൂഹം ഏറ്റെടുക്കണമെന്നും കഷ്ടതയനുഭവിക്കുന്ന നാട്ടുകാരുടെ ഉത്തരവാദിത്തം ഏവർക്കുമുണ്ടെന്നുമുള്ള ധാരണകൂടിയാണ് ഇങ്ങനെയൊരു മാതൃകാ പദ്ധതിയിലേക്ക് ജില്ലാ മിഷനെ നയിച്ചത്. സമൂഹത്തെ അത് മനസ്സിലാക്കുകയെന്ന ദൗത്യവും ഇതിലൂടെ ജില്ലാ മിഷൻ നിറവേറ്റി.

മറ്റ് സൗകര്യങ്ങളുണ്ടെങ്കിലും സാമ്പത്തിക പരിമിതി മൂലം വൈദ്യുതി കണക്ഷൻ ഇല്ലെങ്കിൽ അത് നൽകുക, വീട് അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകുക, കക്കൂസ് ഇല്ലാത്ത വീടുകളിൽ അത് നിർമ്മിച്ച് നൽകുക എന്നീ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടത്താനാണ് തീരുമാനിച്ചത്. മറ്റെന്തെങ്കിലും ആവശ്യങ്ങളാണെങ്കിൽ ജില്ലാ മിഷന്റെ മുൻകൂർ അനുമതി നേടി ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചു.

**പ്രവർത്തനരീതി**

2019 മേയ് മാസത്തിലാണ് ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടത്. അഗതി കുടുംബങ്ങൾക്ക് സഹായമെത്തിക്കാനുള്ള ഊ ഉദ്യമം സിഡിഎസുകൾ വഴി നടപ്പാക്കാനും തീരുമാനിച്ചു. സിഡിഎസുകൾ ഇതിനായി എന്ത് ചെയ്യണമെന്ന് വിശദമാക്കി ഒരു പ്രോജക്റ്റും ഡിസൈൻ ചെയ്ത് ഔദ്യോഗിക അറിയിപ്പും സിഡി എസിനും മെമ്പർ സെക്രട്ടറിമാർക്കും നൽകി. ഒരോ സിഡിഎസിന് കീഴിലുമുള്ള അഗ തി കുടുംബങ്ങളിൽ നിന്ന് സഹായം ഏറ്റവും ആവശ്യമുള്ള ഒരാളെ/കുടുംബത്തെ കണ്ടെത്തുകയും അവരെ സഹായിക്കുകയും ചെയ്യുകയെന്ന ചുമതലായാണ് സിഡി എസിന് നൽകിയത്. എല്ലാ സിഡിഎസുകളും ഗുണഭോക്താക്കളെ കണ്ടെത്തി, സിഡി എസ് കമ്മറ്റിയിൽ ഈ ലിസ്റ്റിന് അംഗീകാരം നേടിയെടുത്തു.

സിഡിഎസിന് കീഴിലുള്ള ഓരോ അയൽക്കൂട്ടത്തിലെയും അംഗങ്ങളിൽ നിന്നും പദ്ധതിക്കായി കുറഞ്ഞത് 10 രൂപ വീതം സ്വീകരിച്ചു. താത്പര്യമുള്ളവർ സഹായം നൽകിയാൽ മതിയെന്ന് പ്രത്യേകം അറിയിച്ചിരുന്നു. ഇത് കൂടാതെ ഈ പദ്ധതിയുടെ ഭാഗമാകാൻ താത്പര്യമുള്ള സ്വകാര്യ വ്യക്തികളിൽ നിന്നും തുക സ്വീകരിക്കാൻ

സിഡിഎസുകൾക്ക് അനുവാദം നൽകി. കൈപ്പറ്റുന്ന തുകയ്ക്ക് അയൽക്കൂട്ട അടിസ്ഥാനത്തിൽ ആകെ തുകയ്ക്ക് രസീത് നൽകി. സിഡിഎസ് തനത് ഫണ്ട് അക്കൗണ്ടിൽ തുക നിക്ഷേപിച്ചു. പ്രത്യേക രജിസ്ട്രറിലാണ് ലഭിച്ച തുകയുടെ വിവരങ്ങൾ സൂക്ഷിച്ചത്. പണപ്പിരിവ് പൂർത്തിയാക്കലും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും ജൂണിൽ പൂർത്തിയാക്കി. അറ്റകുറ്റപ്പണികളടക്കമുള്ള പ്രവർത്തനങ്ങളും 2020 മാർച്ചിനുള്ളിൽ പൂർത്തിയാക്കണമെന്ന നിർദ്ദേശവും നൽകി.

65 സിഡിഎസുകളിലും ഈ പ്രവർത്തനം പൂർത്തിയാക്കി കഴിഞ്ഞു. ചില സിഡിഎസുകൾ ഒന്നിലേറെ ഗുണഭോക്താക്കളെ കണ്ടെത്തുകയും സഹായം ചെയ്ത് നൽകുകയും ചെയ്തു. ആകെ 101 അഗതി കുടുംബങ്ങൾക്കാണ് ഇത്തരത്തിൽ സഹായം ലഭ്യമായത്. 30 ലക്ഷം രൂപയാണ് പദ്ധതിക്കായി അയൽക്കൂട്ട അംഗങ്ങളിൽ നിന്നും ജില്ലയിൽ പിരിച്ചെടുത്തത്. ശേഷിച്ച സിഡിഎസുകളും മാർച്ചോടെ പ്രവർത്തനം പൂർത്തിയാക്കും.

ടോയ്‌ലറ്റുകൾ നിർമ്മിച്ച് നൽകുന്ന പ്രവർത്തനമാണ് പദ്ധതിയുടെ ഭാഗമായി ഏറ്റവും കൂടുതൽ നടത്തിയത്. വീടുകളുടെ അറ്റകുറ്റപ്പണിയും വൈദ്യുതി കണക്ഷൻ എടുത്ത് നൽകലും ചെയ്തു. കൂടാതെ തറ കോൺക്രീറ്റ് ചെയ്യൽ, കിണറ് കെട്ടൽ, പ്ലംബിങ് തുടങ്ങിയ പ്രവർത്തനങ്ങളും വിവിധ സിഡിഎസുകളിൽ ചെയ്ത് നൽകി. കുടുംബശ്രീയുടെ നിർമ്മാണ സംഘങ്ങളെ ഉപയോഗപ്പെടുത്തി 12 സിഡിഎസുകളിൽ അറ്റകുറ്റപ്പണികളും ടോയ്‌ലറ്റ് നിർമ്മാണങ്ങളും ചെയ്ത് നൽകുകയും ചെയ്തു.

**ഭാവി**

അയൽക്കൂട്ടാംഗങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിച്ച് ചെയ്യുന്ന പദ്ധതിയായതിനാൽ തന്നെ ഇത് ഭാവിയിലേക്ക് തുടരുകയെന്നത് ഏറെ ശ്രമകരമാണ്. അതിനാൽ തന്നെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിളിറ്റി (സിഎസ്ആർ) ഫണ്ട് കണ്ടെത്തി അത് ഉപയോഗിച്ച് അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയെന്ന പദ്ധതിയാണ് 2020-21 സാമ്പത്തിക വർഷത്തിലേക്ക് ലക്ഷ്യമിട്ടിരിക്കുന്നത്. ബ്ലോക്ക് കോർഡിനേറ്റർമാർ, സോഷ്യൽ ഡെവലപ്പ്മെന്റ് വിഭാഗം ജില്ലാ പ്രോഗ്രാം മാനേജർ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർമാർ എന്നിവർ അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുന്ന അഞ്ച് കുടുംബങ്ങളെ ഒരു ബ്ലോക്കിൽ നിന്ന് കണ്ടെത്തി അവർക്ക് ഈ സഹായം

എത്തിക്കുകയെന്നതാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനരീതി. മാർച്ച് അവസാനത്തോടെ ഗുണഭോക്താക്കളുടെ കണ്ടെത്തൽ പൂർത്തിയാക്കും.

---